# പ്രവാചകൻﷺയോടുള്ള സഹായാർത്ഥന

# ﴿حكم طلب المدد من الرسول ﷺ﴾

[ مليالم – Malayalam – മലയാളം ]

من فتاوى سماحة الشيخ/

العلامة عبد العزيز بن عبد الله بن باز رحمه الله

**ശൈഖ് അബ്ദുൽ അസീസ് ബ്നു അബ്ദുല്ലാഹ് ബ്നു ബാസ് رحمه الله യുടെ ഫത്‌വാ സമാഹാരത്തിൽ നിന്ന്**

ترجمة: محمد كوتي أبوبكر

**വിവർത്തനം:** മുഹമ്മദ് കുട്ടി കടന്നമണ്ണ

2014 - 1435

IslamHouse.com

بِسْمِ اللّٰهِ الرَّحْمَـٰنِ الرَّحِيمِ

നിഷിദ്ധമായ കാര്യങ്ങളിൽ വെച്ചേറ്റവും ഭയങ്കരമായതാണ് അല്ലാഹുവിൽ പങ്കു ചേർക്കൽ. വിവിധ രൂപങ്ങളോടെയും ഭാവങ്ങളോടെയും ഇന്ന് മുസ്‌ലിം സമൂഹത്തിൽ ഇത് നിലനിൽക്കുന്നു. മൺമറഞ്ഞ മഹാന്മാർക്ക് ആവശ്യങ്ങൾ നിറവേറ്റിത്തരാനും ബുദ്ധിമുട്ടുകൾ അകറ്റാനും കഴിയും എന്ന വിശ്വാസത്തിൽ അവരോട് സഹായമർത്ഥിക്കുകയും ആപൽഘട്ടങ്ങളിലും മറ്റും അവരോട് രക്ഷക്ക് വേണ്ടി തേടുകയും ചെയ്യുന്നുവിന്ന് അനേകം മുസ്‌ലിംകൾ. ഇത് യഥാർത്ഥത്തിൽ അവർക്കുള്ള ആരാധനയാണ്. ആരാധനക്കർഹൻ അല്ലാഹു മാത്രമാണ്. അത് കൊണ്ട് തന്നെ അല്ലാഹുവല്ലാത്തവരോടുള്ള സഹായാർത്ഥന ശിർക്കുമാണ്.

ഇപ്രകാരമുള്ള സഹായ തേട്ടങ്ങൾ പ്രവാചകൻ മുഹമ്മദ് നബിﷺയോട് ആവുന്നത് അനുവദനീയമാണെന്നും അതിന് അല്ലാഹുവിന്റെ പ്രത്യേക അനുമതിയുണ്ടെന്നും ചില മുസ്‌ലിംകൾ വിശ്വസിക്കുകയും തദടിസ്ഥാനത്തിൽ അവർ നബിﷺയോട് സഹായം തേടുകയും ചെയ്യുന്നു. എത്രത്തോളമെന്നാൽ അവരിലെ പണ്ഡിത വേഷധാരികൾ വിശുദ്ധ ഖുർആനിൽ നിന്നും നബിﷺതിരുമേനിയുടെ ഹദീസുകളിൽ നിന്നും പലതും സന്ദർഭത്തിൽ നിന്നും അടർത്തിയെടുത്ത് ദുർവ്യാഖ്യാനിക്കുകയും തങ്ങളുടെ സ്വാർത്ഥ താൽപ്പര്യങ്ങൾക്കായി വളച്ചൊടിക്കുകയും ചെയ്യുന്നു.

ഇവ്വിഷയ സംബന്ധിയായി സൗദി അറേബ്യയിലെ മുൻ ഗ്രാന്റ് മുഫ്തിയും ഫത്‌വാ ബോർഡ് ചെയർമാനുമായിരുന്ന സമാഹത്തുശൈഖ് അബ്ദുൽ അസീസ് ഇബ്നുബാസ് റഹിമഹുല്ലയോട് ചോദിക്കപ്പെട്ട ചോദ്യവും അദ്ദേഹം അതിന് നൽകിയ മറുപടിയുമാണ് ഈ ലേഖനത്തിലെ ഉള്ളടക്കം. പ്രസ്തുത ചോദ്യവും അതിന്റെ മറുപടിയും താഴെ വായിക്കാം.

–വിവർത്തകൻ

**ചോദ്യം: ‘ചില ആളുകൾ വിളിക്കുന്നു: ‘അല്ലാഹുവിന്റെ ദൂതരേ എന്നെ സഹായിക്കണേ..., മുത്ത് നബിയേ**

**കാത്ത് രക്ഷിക്കണേ...' ഇത്തരം തേട്ടത്തിന്റെ വിധിയെന്താണ് ?**

## ശൈഖ് ഇബ്നുബാസ് ﷺ

## ഈ ചോദ്യത്തിന്ന് നൽകിയ മറുപടി:

'ഇത്തരം വാക്കുകൾ വൻ ശിർക്കിൽ പെട്ടതാണ്. കാരണം ഇത് പ്രവാചകൻﷺയിൽ നിന്ന് സഹായം തേടലാണ്. നബിമാരോ മറ്റുള്ളവരോ ആയ മൺമറഞ്ഞവരോടും, മലക്കുകളോ ജിന്നുകളോ പോലെയുള്ള അദൃശ്യ ജീവികളോടും, അല്ലെങ്കിൽ വിഗ്രഹങ്ങൾ, കല്ലുകൾ, മരങ്ങൾ, നക്ഷത്രങ്ങൾ പോലെയുള്ളവയോടുമൊക്കെ സഹായം തേടൽ വൻ ശിർക്കാണെന്നത് നബിﷺയുടെ സ്വഹാബിമാരും ؓ അവരുടെ പിന്തുടർച്ചക്കാരായ അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതന്മാരും 'ഇജ്മാഅ്' അഥവാ ഏകാഭിപ്രായം ഉള്ള കാര്യമാണ്. അല്ലാഹു പറയുന്നു:

وَأَنَّ الْمَسَاجِدَ لِلَّهِ فَلَا تَدْعُوا مَعَ اللَّهِ أَحَدًا (سورة الجن : ١٨ )

'പള്ളികൾ അല്ലാഹുവിനുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് തേടരുത്' (ജിന്ന്:18).

ഈ വിഷയകമായി ധാരാളം ആയത്തുകൾ കാണാം. ഈ പ്രവർത്തിയാണ് മക്കാമുശ്‌രിക്കുകളുടെയും മറ്റു ബഹുദൈവാരാധകരുടെയും മതം. അല്ലാഹു ദൂതന്മാരെ അയച്ചതും വേദഗ്രന്ഥങ്ങൾ അവതരിപ്പിച്ചതും ഇക്കാര്യത്തെ നിഷേധിക്കുവാനും അതെക്കുറിച്ച് ജാഗ്രതപ്പെടുത്തുവാനുമായിരുന്നു. അല്ലാഹു പറയുന്നു:

وَمَا أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ إِلَّا نُوحِي إِلَيْهِ أَنَّهُ لَا إِلَٰهَ إِلَّا أَنَا فَاعْبُدُونِ
( الأنبياء : ٢٥ )

'ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല' (അമ്പിയാഅ്: 25).

അല്ലാഹു ദൂതന്മാരെ നിയോഗിച്ചയച്ചതും വേദഗ്രന്ഥങ്ങളെ ഇറക്കിയതും പ്രാർത്ഥന, സഹായാർത്ഥന, ഭയം, ആഗ്രഹം, നമസ്കാരം, നോമ്പ്, അറവ് പോലെയുള്ള ആരാധനയുടെ എല്ലാ വശങ്ങളും അവന്ന് മാത്രം നൽകപ്പെടുവാൻ വേണ്ടിയാണെന്ന് ഈ ആയത്തുകളിലൂടെ അല്ലാഹു വ്യക്തമാക്കുന്നു.മുശ്‌രിക്കുകൾ പ്രവാചകരോടും  സത്യമാർഗ്ഗത്തിൽ പ്രബോധനം ചെയ്യുന്നവരോടും പറഞ്ഞിരുന്നത്, ഔലിയാക്കളോടും മറ്റും അവർ പ്രാർത്ഥിക്കുന്നത് അവരെ അല്ലാഹുവിലേക്ക് അടുപ്പിക്കാനും അവർക്ക് വേണ്ടി അല്ലാഹുവിങ്കൽ ശുപാർശ ചെയ്യാനും വേണ്ടിയാണ്. അല്ലാതെ അവർ സൃഷ്ടിക്കുമെന്നോ അന്നം തരുമെന്നോ പ്രപഞ്ചത്തിൽ അവർക്ക് നിയന്ത്രണ ശക്തിയുണ്ടെന്നോ ഉള്ള വിശ്വാസത്തോടെയല്ല. ഇതെക്കുറിച്ച് അല്ലാഹു പറയുന്നു:

إِنَّ اللَّهَ يَحْكُمُ بَيْنَهُمْ فِي مَا هُمْ فِيهِ يَخْتَلِفُونَ إِنَّ اللَّهَ لَا يَهْدِي مَنْ هُوَ كَاذِبٌ كَفَّارٌ (الزمر: 3)

'അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധി കല്പിക്കുക തന്നെ ചെയ്യും. നുണയനും നന്ദികെട്ടവനുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല, തീർച്ച' (സുമർ: 3).

തങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ഔലിയാക്കൾ തങ്ങളെ അല്ലാഹുവിലേക്ക് അടുപ്പിക്കുമെന്നും അവർ തങ്ങൾക്ക് വേണ്ടി ശുപാർശ ചെയ്യുമെന്നുമുള്ള അവരുടെ വാദം കളവാണെന്നും അവർ അവിശ്വാസികളാണെന്നും അല്ലാഹു ഇവിടെ വ്യക്തമാക്കുന്നു.

ജിന്നുകളെയും മനുഷ്യരെയും അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് അവനെ മാത്രം ആരാധിക്കുവാൻ വേണ്ടിയാണ്. അവനല്ലാത്തവരെ ആരാധിക്കുവാനല്ല. അല്ലാഹു പറയുന്നു:

وَمَا خَلَقْتُ الْجِنَّ وَالْإِنسَ إِلَّا لِيَعْبُدُونِ (الذاريات :56)

‘ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല’ (ദാരിയാത്: 56).

അല്ലാഹുവെ മാത്രം ആരാധിക്കുക, ആരാധന അവന്ന് മാത്രം കളങ്കമറ്റതാക്കുക, മറ്റുള്ളവരെ ആരാധിക്കുന്നതിനെത്തൊട്ട് ജാഗരൂഗരാവുക എന്നതാണ് മുഴുവൻ ജിന്നുകളുടെയും മനുഷ്യരുടെയും ബാധ്യത. അവരോട് സഹായം ചോദിക്കാനോ ആരാധനയുടെ ഏതെങ്കിലും അംശം അവരിലേക്ക് തിരിക്കാനോ പാടുള്ളതല്ല. അമ്പിയാക്കളൊക്കെയും ജനങ്ങളെ ക്ഷണിച്ചത് ഈ തൗഹീദിലേക്കാണ്. ഇതാണ് ഇസ്ലാം മതത്തിന്റെ അടിസ്ഥാനം. ഇതിന്നു വേണ്ടിയാണ് അമ്പിയാക്കൾ നിയുക്തരായതും ഗ്രന്ഥങ്ങൾ ഇറക്കപ്പെട്ടതും ജിന്നുകളും മനുഷ്യരും സൃഷ്ടിക്കപ്പെട്ടതും. അതിനാൽ ആരെങ്കിലും അമ്പിയാക്കളോടോ മറ്റോ സഹായം തേടിയാൽ, അല്ലെങ്കിൽ വല്ല ആരാധനകൾ കൊണ്ടും അവരിലേക്ക് അടുപ്പം തേടിയാൽ അവൻ അല്ലാഹുവിൽ പങ്കുചേർക്കുകയും അവനോടൊപ്പം മറ്റുള്ളവരെ ആരാധിക്കുകയും ചെയ്തു. അല്ലാഹുവിന്റെ വാക്കുകളിൽ ഇവർ പ്രവേശിക്കുകയും ചെയ്തു. അല്ലാഹു പറയുന്നു:

ذَلِكَ هُدَى اللّهِ يَهْدِي بِهِ مَن يَشَاء مِنْ عِبَادِهِ وَلَوْ أَشْرَكُواْ لَحَبِطَ عَنْهُم مَّا كَانُواْ يَعْمَلُونَ ( الأنعام : ٨٨ ).

‘അവർ (അല്ലാഹുവോട്) പങ്ക്ചേർത്തിരുന്നുവെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം അവരെ സംബന്ധിച്ചിടത്തോളം നിഷ്ഫലമായിപ്പോകുമായിരുന്നു’ (അൻആം: 88).

وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِنْ قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ (الزمر : 65 )

‘തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായിപ്പോകു

കയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും' (സുമർ: 65).

إِنَّ اللَّه لاَ يَغْفِرُ أَن يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَن يَشَاء وَمَن يُشْرِكْ بِاللَّه فَقَدِ افْتَرَى إِثْمًا عَظِيمًا (النساء:٤٨).

'തന്നോട് പങ്ക് ചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്ത് കൊടുക്കുന്നതാണ്' (നിസാഅ്: 48).

ഇസ്ലാമിക പ്രബോധനം എത്തിയിട്ടില്ലാത്ത, ഖുർആനെക്കുറിച്ചും സുന്നത്തിനെക്കുറിച്ചും അറിഞ്ഞിട്ടില്ലാത്തവരല്ലാതെ ഇതിൽ നിന്ന് ഒഴിവാകുന്നതല്ല. അവരുടെ കാര്യം അല്ലാഹു തീരുമാനിക്കുന്നതാണ്. അത്തരക്കാർ പരലോകത്ത് വെച്ച് പരീക്ഷിക്കപ്പെടും. അതിൽ അല്ലാഹുവെ അനുസരിച്ചാൽ അവർക്ക് സ്വർഗ്ഗമുണ്ട്. അല്ലാത്തവർക്ക് നരകവും.

അപ്രകാരം തന്നെ മുശ്രിക്കുകളുടെ കുട്ടികളുടെ കാര്യത്തിൽ പണ്ഡിതന്മാർക്ക് രണ്ട് അഭിപ്രായങ്ങളുണ്ട്. അവർ പരീക്ഷിക്കപ്പെടുകയും അനുസരിച്ചവർ സ്വർഗ്ഗത്തിലും ധിക്കരിച്ചവർ നരകത്തിലും പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുമെന്നതാണ് ഒന്നാമത്തെ അഭിപ്രായം. അവർ ശുദ്ധപ്രകൃതിയിൽ ജനിച്ചതുകൊണ്ട് അവർ സ്വർഗ്ഗത്തിലായിരിക്കുമെന്നതാണ് രണ്ടാമത്തെ അഭിപ്രായം. നബിﷺ പറഞ്ഞതായി ഹദീസിൽ കാണാം: 'മുഴുവൻ കുട്ടികളും ശുദ്ധ പ്രകൃതിയിലാണ് ജനിക്കുന്നത്, അവന്റെ മാതാപിതാക്കളാണ് അവനെ ജൂതനോ കൃസ്ത്യാനിയോ അഗ്നിയാരാധകനോ ആക്കുന്നത്'. ഇബ്റാഹീം(അ)യുടെ കൂടെ സ്വർഗ്ഗത്തോപ്പുകളിലൊന്നിൽ ബഹു ദൈവാരാധകരുടെ കുട്ടികളെ നബിﷺകണ്ടുവെന്ന് പ്രവാചകൻ പറഞ്ഞതായി ഹദീസിൽ സ്ഥിരപ്പെട്ടുവന്നിരിക്കുന്നു. ഇതാണ് മുശ്രിക്കുകളുടെ കുട്ടികളുടെ കാര്യത്തിലുള്ള ഏറ്റവും ശരിയായ വീക്ഷണം. മാത്രവുമല്ല അല്ലാഹു പറയുന്നു:

... وَمَا كُنَّا مُعَذِّبِينَ حَتَّى نَبْعَثَ رَسُولاً (الإسراء:15)

‘ഒരു ദൂതനെ നാം നിയോഗിക്കുന്നതുവരെ നാം (ഒരു സമുദായത്തെയും) ശിക്ഷിക്കുകയില്ല‘ (17: 15).

ജീവിച്ചിരിക്കുന്ന, സ്ഥലത്തുള്ള ഒരു വ്യക്തിയോട് അയാൾക്ക് സാധ്യമായ ഒരു കാര്യത്തിൽ സഹായം ആവശ്യപ്പെടുന്നതിന് വിരോധമില്ല. അത് ശിർക്കല്ല. ഖിബ്തിക്കെതിരെ ഇസ്റാഈലി മൂസാ ﵇യോട് സഹായം തേടിയ കാര്യം അല്ലാഹു പറയുന്നു:

... فَاسْتَغَاثَهُ الَّذِي مِن شِيعَتِهِ عَلَى الَّذِي مِنْ عَدُوِّهِ ...القصص: ١٥)

‘അപ്പോൾ തന്റെ കക്ഷിയിൽ പെട്ടവൻ തന്റെ ശത്രുവിനെതിരിൽ അദ്ദേഹത്തോട് സഹായം തേടി‘ (ഖസ്വസ്വ്: 15).

ഏത് മനുഷ്യനും അനേകം കാര്യങ്ങളിൽ തന്റെ സഹോദരങ്ങളുടെ സഹായം ആവശ്യമുള്ളവരാണ്. അപ്രകാരം കഴിയുന്ന കാര്യങ്ങളിൽ സഹായം ചോദിക്കുന്നത് അനുവദിക്കപ്പെട്ടതാണ്.അപ്രകാരം സഹായിക്കലും സഹകരിക്കലും ചിലപ്പോൾ ഐച്ഛികവും ചിലപ്പോൾ നിർബന്ധവുമായിരിക്കും. അല്ലാഹു സഹായിക്കട്ടെ, ആമീൻ.

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين

****************